## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 441** **27.09.2016 ൽ മറുപടിയ്ക്ക്**

## വൈദ്യുതീകരിക്കാത്ത വീടുകളുടെ സ്ഥിതി വിവരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഊർജ്ജ ദൗർലഭ്യം മനസ്സിലാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി അനെർട്ട് ആരംഭിച്ച സംസ്ഥാനത്ത് വൈദ്യുതീ കരിക്കാത്ത വീടുകൾ കണ്ടെത്തുന്നതിനുള്ള സർവേ വിജയകരമായി പൂർത്തീകരി ച്ചിരുന്നുവോ; സർവേ ഫലം വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ 439 പഞ്ചായത്തുകളിലായി 2009-2010 ൽ നടത്തിയ സർവ്വേ പ്രകാരം 1,49,476 വൈദ്യുതീകരിക്കാത്ത വീടുകൾ കണ്ടെത്തുകയുണ്ടായി. വൈദ്യുതീകരിക്കാത്ത വീടുകളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത സർവേ ഫലം കണക്കിലെടുത്ത് ഊർജ്ജ ദൗർലഭ്യം പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) സർവ്വേ ഫലം അതാത് പഞ്ചായത്തുകൾക്ക് കൈമാറുകയും പഞ്ചായത്തുകൾ മേൽ നടപടികൾ സ്വീകരിക്കണമെന്ന് സർവ്വേ ഫലത്തിൽ സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയ ജില്ലകൾ ഏതെല്ലാമാണ്; | (സി) 2007-11 കാലയളവിൽ ആലപ്പുഴ, എറണാകുളം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ എല്ലാ മണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയിരുന്നു. |
| (ഡി) പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കുന്നതിന് നടപ്പാക്കി വരുന്ന കർമ്മപരിപാടികളിൽ സർക്കാരുകളുടെ വിഹിതം എത്ര വീതമെന്ന് വ്യക്തമാക്കുമോ; | (ഡി) 2017 മാർച്ചോടുകൂടി സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതി പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് 2016 സെപ്റ്റംബർ അവസാനത്തോടു കൂടി തയ്യാറാക്കാനാണ് ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണം, പട്ടികജാതി പട്ടിക വർഗ്ഗ വികസനം എന്നീ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധി കളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം |

എന്നിവയിൽനിന്നുമാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തുക കണ്ടെത്താൻ ലക്ഷ്യമിട്ടിട്ടുള്ളത്.

P. Anju

സെക്ഷൻ ആഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**